Malappuram District Police

# 07.08.2017 പെരിന്തൽമണ്ണ

യുവാക്കളെ കേന്ദ്രീകരിച്ച് കഞ്ചാവ് വിൽപന നടത്തിയിരുന്ന തമിഴ്നാട് സ്വദേശിയെ പെരിന്തൽമണ്ണയിൽ പ്രത്യേക അന്വേഷണ സംഘം അറസ്റ്റ്ചെയ്തു. തമിഴ്നാട് കാരൈക്കൽ സ്വദേശി കലയരശൻ (37)ആണ് അറസ്റ്റിലായത്. പെരിന്തൽമണ്ണയിലും പരിസരങ്ങളിലും അന്യസംസ്ഥാന തൊഴിലാളികളെ ഉപയോഗിച്ച് വ്യാപകമായി കഞ്ചാവ് വിതരണം നടക്കുന്നതായി ലഭിച്ച രഹസ്യ വിവരത്തിന്റെ അടിസ്ഥാനത്തിൽ ബാർ പരിസരങ്ങളിലും ആളൊഴിഞ്ഞ സ്ഥലങ്ങളിലും സിനിമ ശാല, റയിൽവേ സ്റ്റേഷൻ എന്നിവിടങ്ങളിലും നടത്തിയ പരിശോധനയിലാണ് പ്രതി പിടിയിലായത്. ഇയാളുടെ സഹായികൾ നിരീക്ഷണത്തിലാണ്. ഇത്തരത്തിൽ അന്യസംസ്ഥാന തൊഴിലാളികൾ മുഖേന കഞ്ചാവ് വിൽപന നടത്തുന്നവരേക്കുറിച്ച് വിശദമായ വിവരം ലഭിച്ചിട്ടുണ്ട്. ഇവർ നിരീക്ഷണത്തിലാണ്. പെരിന്തൽമണ്ണ സിഐ ടി.എസ്. ബിനു മൂത്തേടം, എസ്ഐ ഖമറുദ്ദീൻ വള്ളിക്കാടൻ എന്നിവരുടെ നേതൃത്വത്തിൽ അഡീഷണൽ എസ്ഐ-മാരായ പി. സുരേന്ദ്രൻ, വേലായുധൻ, ടൗൺ ഷാഡോ ടീം അംഗങ്ങളായ പി.എൻ മോഹനകൃഷ്ണൻ, എൻ.ടി. കൃഷ്ണകുമാർ, സി.പി. മുത്തു, ഷാജി, ജയൻ, ലെനിൻ പാസ്ക്കൽ, ജയമണി എന്നിവരടങ്ങുന്ന സംഘമാണ് പ്രതിയെ പിടികൂടിയത്.